# 97. കോഹിനൂർ

രത്നങ്ങളിൽ ഏററവും പ്രസിദ്ധം 'കോഹിനൂർ' എന്ന വൈരക്കല്ല് ആകുന്നു. ബ്രിട്ടീഷ് രാജ്ഞിയുടെ കിരീടത്തിലുള്ള കുരിശിൻെറ നടുവിൽ ഈ രത്നം ഇപ്പോഠം പതിച്ചിരിക്കുന്നു. ഈ കിരീടം രാജ്ഞി സാധാരണയായി ധരിക്കാറില്ല. ബ്രിട്ടീഷ് രാജകുടുംബത്തിലെ മററ് ആഭരണങ്ങളോടൊപ്പം അതു് ലണ്ടൻ ടവറിൽ പ്രദർശിപ്പിച്ചിരിക്കയാണ്.

ബ്രിട്ടീഷുകാർ ഇന്ത്യയിൽനിന്നു കൊണ്ടുപോയ കോഹിനൂർ സ്വതന്ത്ര ഇന്ത്യയ്ക്കു തിരിച്ചു കിട്ടണമെന്ന വാദം പല തവണ ഉയർന്നുവരികയുണ്ടായി. 'കോഹിനൂർ ഒരു കലാവസ്തു അല്ലാത്തതിനാൽ അതു തിരികെ വാങ്ങുവാൻ ഇന്ത്യാഗവണ്മെൻറ് ഒരിക്കലും ശ്രമിച്ചിട്ടില്ല' എന്ന് ആദ്യത്തെ കേന്ദ്രവിദ്യാഭ്യാസമന്ത്രിയായിരുന്ന അബ്ദുൽകലാം ആസാദ് പ്രസ്താവിച്ചിട്ടുണ്ട്. ഇപ്പോഴും ഇന്ത്യാഗവണ്മെൻറിൻെറ ഔദ്യോഗിക നിലപാട് ഇതാണെന്നു തോന്നുന്നു. എന്നാൽ, ഇപ്പോഴത്തെ കേന്ദ്രവിദ്യാഭ്യാസമന്ത്രിയായ ശ്രീമതി ഷീലാകൗാം പറയുന്നതു്, കോഹിനൂർ തിരിച്ചു വാങ്ങുന്ന കാര്യത്തിൽ ചേരിചേരാരാജ്യങ്ങളും യുനെസ്കോയും ഇന്ത്യയെ സാഹിക്കുന്നുണ്ടെന്നാണ്.

ഈ വലിയ വൈരക്കല്ലിനു് 187 കാരററ് തൂക്കം ഉണ്ടായിരുന്നു. വിക്ടോറിയാ രാജ്ഞിയുടെ കാലത്തു് ഹോളണ്ടിൽ ആംസ്റ്റർഡാമിലെ ഒരു രത്നവ്യാപാരി അതു് ഉരച്ചു കേടുവരുത്തി. അതിൻെറ തൂക്കം 106 കാരററ് ആയി കുറഞ്ഞു. ശോഭയും വളരെയധികം നഷ്ടപ്പെട്ടു. പിന്നീട് ഒരിക്കൽക്കൂടി ഉരച്ചു ശരിപ്പെടുത്തിയാണ് അതു് രാജ്ഞിയുടെ കിരീടത്തിൽ പതിച്ചതു്. വലിപ്പവും ഔജ്വല്യവും കുറഞ്ഞ ഇന്നത്തെ അവസ്ഥയിലും അതിൻെറ വില നിർണയിക്കുക പ്രയാസമാകുന്നു.

ഇന്ത്യയുടെ ചരിത്രത്തോളം പഴക്കം കോഹിനൂറിനുണ്ടെന്നു വിശ്വസിക്കപ്പെടുന്നു. മഹാഭാരതത്തിലും ശ്രീമദ്ഭാഗവതപുരാണത്തിലും പ്രതിപാദിക്കപ്പെടുന്ന 'സ്യമന്തകം' എന്ന രത്നമാണത്രെ പിന്നീട് 'കോഹിനൂർ' എന്ന പേർഷ്യൻ പേരിൽ അറിയപ്പെട്ടുതുടങ്ങിയതു്.

സത്രാജിത്ത് എന്ന യാദവനു് സൂര്യഭഗവാൻ നല്കിയതാണ് സ്യമന്തകം. ഒരു ചെറിയ സൂര്യൻെറയത്ര തിളക്കം സ്യമന്തകത്തിനുണ്ടായിരുന്നു. അതു കൈയിൽ വയ്ക്കുന്നതുമൂലം സത്രാജിത്തിനു് ആപത്തു പിണഞ്ഞേക്കാമെന്നു കരുതി ശ്രീകൃഷ്ണൻ സത്രാജിത്തിനോട് ആ രത്നം ചോദിച്ചു. ലുബ്ധനായ സത്രാജിത്ത് അതു കൊടുത്തില്ല. സത്രാജിത്തിൻെറ അനുജൻ പ്രസേനൻ സ്യമന്തകം കഴുത്തിൽ ധരിച്ചു നായാട്ടിനു പോയി. ഒരു സിംഹം പ്രസേനനെ കൊന്നു. സിംഹത്തെ കൊന്നു് ജാംബവാൻ എന്ന വാനരൻ രത്നം കൈവശപ്പെടുത്തി. പ്രസേനൻെറ വധവും സ്യമന്തകത്തിൻെറ മോഷണവും ശ്രീകൃഷ്ണനിൽ ആരോപിക്കപ്പെട്ടു. ഈ ദുഷ്കീർത്തി നീക്കുവാൻ ശ്രീകൃഷ്ണൻ ജാംബവാനെ തേടിപ്പിടിക്കുകയും, സ്യമന്തകം തിരികെ വാങ്ങി സത്രാജിത്തിനുതന്നെ കൊടുക്കുകയുംചെയ്തു. എങ്കിലും സത്രാജിത്ത് താമസിയാതെ കൊല്ലപ്പെട്ടു; സ്യമന്തകരത്നം അപഹരിക്കപ്പെടുകയുംചെയ്തു.

ശതാബ്ദങ്ങഠംക്കുശേഷം, ക്രിസ്തുവിനു മുമ്പു മൂന്നാം നൂററാണ്ടിൽ സ്യമന്തകരത്നം അശോകചക്രവർത്തിയുടെ കൈയിലെത്തിച്ചേർന്നു. അശോകൻ മരിച്ച് ഏറെ വൈകാതെ മൗര്യസാമ്രാജ്യം തകർന്നു. പിന്നീട് ആയിരത്തി ഇരുനൂറു വർഷത്തേക്ക് സ്യമന്തകം എവിടെപ്പോയെ

ന്നു് ആർക്കും അറിഞ്ഞുകൂടാ. മദ്ധ്യേന്ത്യയിലെ ചെറു രാജാക്കന്മാർക്കിടയിൽ അതു് ഉരുണ്ടുകളിച്ചിരിക്കണം. ഏതായാലും, സ്യമന്തകം കൈയിൽ വെച്ചവർക്കെല്ലാം ഉടനെയോ, വൈകാതെയോ ആപത്തു സംഭവിച്ചിട്ടുണ്ടെന്നാണു വിശ്വാസം.

ക്രിസ്തുവർഷം ആയിരാമാണ്ടിനടുത്തു്, മദ്ധ്യേന്ത്യയിൽ മാളവ രാജ്യത്തുള്ള പരമാര രാജാക്കന്മാരുടെ കൈയിൽ സ്യമന്തകം എത്തിച്ചേന്നു. ക്രി. പി. 1306–ൽ അലാവുദ്ദീൻ ഖിൽജി മാളവരാജ്യം ആക്രമിച്ചു കീഴടക്കി; തലസ്ഥാനം കൊള്ളയടിച്ചു. അങ്ങനെ സ്യമന്തകം ഖിൽജിയുടെ കൈയിലെത്തി. പിന്നീടു് ഇരുനൂറു കൊല്ലത്തേക്കു് അതു് ആരുടെയെല്ലാം കൈയിൽ ഇരുന്നു എന്ന കാര്യം അജ്ഞാതമാണു്.

ക്രി. പി. 1526–ൽ ദില്ലി ഭരിച്ചിരുന്ന ഇബ്രാഹിം ലോദിയെ മുഗൾവംശസ്ഥാപകനായ ബാബർ പാനിപ്പത്തു് എന്ന സ്ഥലത്തു നടന്ന യുദ്ധത്തിൽ തോല്പിച്ചു. ലോദിയുടെ സാമന്തനായിരുന്ന ഗ്വാളിയറിലെ വിക്രമരാജാവിന്റെ കൈയിലായിരുന്നു അക്കാലത്തു് സ്യമന്തകം. ഈ യുദ്ധത്തിൽ വിക്രമരാജാവു് ലോദിയെ സഹായിക്കാനെത്തിയിരുന്നു. തോല്ക്കുമെന്നു് ഉറപ്പായപ്പോൾ വിക്രമൻ കുടുംബാംഗങ്ങളെ ഭണ്ഡാരത്തോടൊപ്പം ആഗ്രയിലേക്കു് അയച്ചു. യുദ്ധത്തിൽ ലോദിയും വിക്രമനും മരിച്ചുപോയി. പാനിപ്പത്തിലെ വിജയത്തിനുശേഷം, ബാബറുടെ മകൻ ഹുമായൂൺ ഒരു സൈന്യവുമായി ആഗ്രയിൽ ചെന്നു് വിക്രമന്റെ കോട്ട വളഞ്ഞു. വിക്രമന്റെ പത്നിമാർ കീഴടങ്ങി. അവർ സ്യമന്തകരത്നം ഹുമായൂണിനു കാഴ്ചവച്ചു. (ലോദിയുടെ പത്നിയാണു് സ്യമന്തകം ഹുമായൂണിനു കൊടുത്തതെന്നും ഒരു പക്ഷമുണ്ടു്). ഹുമായൂൺ ഈ രത്നം പിതാവായ ബാബർക്കു സമർപ്പിച്ചു. എട്ടു 'മിസ്കാൽ' തൂക്കമുള്ള ഈ വൈരക്കല്ലിനെപ്പററി ബാബർ തന്റെ ആത്മകഥയിൽ പ്രസ്താവിക്കുന്നുണ്ടു്.

ബാബറിന്റെ മരണശേഷം മകൻ ഹുമായൂണിനെ ഷേർഷാ തോല്പിച്ചു. പേഴ്സ്യയിൽ അഭയം പ്രാപിച്ച ഹുമായൂൺ, ഇന്ത്യ തിരിച്ചു പിടിക്കുന്നതിൽ സഹായിക്കുവാനായി, പേർഷ്യയിലെ ഷാ (ചക്രവർത്തി) ആയിരുന്ന തഹ്മാസ്പിനു് സ്യമന്തകരത്നം കാഴ്ചവച്ചു. തഹ്മാസ്പ് ഹുമായൂണിനെ സഹായിച്ചു; എങ്കിലും സ്യമന്തകത്തിൽ അദ്ദേഹത്തിനു താല്പര്യമുണ്ടായിരുന്നില്ല. ഇന്ത്യയിൽ അഹമദ്നഗറിലെ ബുർഹാനുദ്ദീൻ നൈസാം ഷാ എന്ന നാടുവാഴിയുടെ ദർബാറിൽ പേഴ്സ്യൻ ചക്രവർത്തിയുടെ പ്രതിനിധി ആയി ക്രി. പി. 1557–ൽ അയയ്ക്കപ്പെട്ട ആകാ ജമാൽ മുഖാന്തിരം തഹ്മാസ്പ് ഈ രത്നം ബുർഹാനുദ്ദീനു സമ്മാനിക്കുകയാണുണ്ടായതു്. ബുർഹാനുദ്ദീൻ താമസിയാതെ കൊല്ലപ്പെട്ടു. എങ്കിലും പിന്നീടു നൂറു വർഷത്തോളം സ്യമന്തകരത്നം അഹമദ്നഗറിലെ നവാബ് കുടുംബത്തിന്റെ കൈവശത്തിലായിരുന്നു. അതിനുശേഷം അതു് ഗോൽക്കൊണ്ടയിലെ കുതുബ് ശാഹിവംശക്കാരുടെ കൈയിലെത്തി. ഈ വംശത്തിൽപ്പെട്ട അബ്ദുള്ള കുട്ടുസ്ഷാ എന്ന നവാബ് തന്റെ പ്രധാനമന്ത്രി ആയിരുന്ന മീർജുംലയ്ക്കു ക്രി. പി. 1650–ൽ ഈ രത്നം കൊടുത്തു. മൂന്നു കൊല്ലം കഴിയുമ്പോഴേക്കു് നവാബും പ്രധാനമന്ത്രിയും തമ്മിൽ തെററി. മീർജുംല ഗോൽക്കൊണ്ടയിൽനിന്നു് ഒളിച്ചോടി ആഗ്രയിൽ ചെന്നു് ഷാജഹാൻ ചക്രവർത്തിയെ ആശ്രയിച്ചു; ഷാജഹാന്റെ പ്രധാനമന്ത്രിയായിത്തീരുകയും ചെയ്തു. ജോലി നൽകിയതിനു കൃതജ്ഞത കാട്ടാൻ മീർജുംല ഷാജഹാനു് സ്യമന്തകരത്നം കാഴ്ചവച്ചു.

ക്രി. പി. 1739 വരെ ഈ രത്നം മുഗൾരാജവംശത്തിന്റെ കൈയിലിരുന്നു. ആ ആണ്ടിൽ പേഴ്സ്യയിലെ നാദിർഷാ ദില്ലി ആക്രമിച്ചു കീഴടക്കി; നാലു ലക്ഷം പൗരന്മാരെ വെട്ടിക്കൊന്നു; നഗരം കൊള്ളയടി

ക്കുകയുംചെയ്തു. സ്യമന്തകരത്നം കണ്ട് നാദിർഷാ അത്ഭുതപ്പെട്ട് 'കോഹിനൂർ' എന്ന് ഉറക്കെ വിളിച്ചുപറഞ്ഞു. 'പ്രകാശത്തിന്റെ മല' എന്നാണ് ആ പേഴ്സ്യൻ വാക്കിന്റെ അർത്ഥം. അന്നുമുതൽ സ്യമന്തകം എന്ന പൗരാണികനാമം വിസ്മൃതമായി; 'കോഹിനൂർ' എന്ന പേഴ്സ്യൻ പേർ വിശ്വപ്രസിദ്ധി നേടി.

ദില്ലി കൊള്ളയിട്ടു കിട്ടിയ കണക്കററ സമ്പത്തോടൊപ്പം മുഗളരുടെ മയൂരസിംഹാസനവും കോഹിനൂർ രത്നവും നാദിർഷാ പേഴ്സ്യയിലേക്കു കൊണ്ടുപോയി. ഏറെ താമസിയാതെ അയാളുടെ അനന്തരവനായ അലികലിഖാൻ നാദിർഷായെ കൊന്ന് കോഹിനൂർ കൈവശമാക്കി. അലികലിഖാന്റെ ചാർച്ചക്കാരനായ ഇബ്രാഹിം, അലിയെ തടവുകാരനാക്കി പിടിച്ചു കണ്ണുകൾ ചൂഴ്ന്നെടുത്തു. ഇബ്രാഹിമിനെ ആദിൽഷാ കൊന്നു; ആദിൽഷായും കുടുംബാംഗങ്ങളും വധിക്കപ്പെട്ടു. ഇവരുടെയൊക്കെ കൈകളിലൂടെ മറിഞ്ഞ്, ഒടുവിൽ നാദിർഷായുടെ പ്രായപൂർത്തിയാകാത്ത പൗത്രൻ ഷാറുഖിന്റെ കൈയിൽ കോഹിനൂർ എത്തിച്ചേർന്നു.

ക്രി. പി. 1749—ൽ അഫ്ഗാനിസ്ഥാനിലെ അഹമദ്ഷാ അബ്ദാലി പേഴ്സ്യ ആക്രമിച്ചു. പരാജിതനായ ഷാറുഖ്, അബ്ദാലിക്ക് കോഹിനൂർ അടിയറവെച്ചു. ഏതാനും വർഷങ്ങൾക്കുശേഷം അബ്ദാലിയുടെ പൗത്രനായ സമൻഷാ കോഹിനൂറിന്റെ ഉടമയായി. അയാളുടെ ഒരു സഹോദരനായ മഹ്മൂദ്, സമൻഷായെ തടവിലടച്ച് കോഹിനൂർ കൊടുക്കാൻ ആവശ്യപ്പെട്ടു. അതു കിട്ടാഞ്ഞപ്പോൾ മഹ്മൂദ് സമൻഷായുടെ കണ്ണുകൾ തുരന്നെടുത്തു; ശരീരത്തിൽ മുഴുവൻ തിളയ്ക്കുന്ന എണ്ണ ഒഴിച്ചു പൊള്ളിച്ചു. എന്നിട്ടും സമൻഷാ കോഹിനൂർ ഒളിച്ചുവെച്ച സ്ഥലം പറഞ്ഞുകൊടുത്തില്ല. താമസിയാതെ കാബൂളിൽ പാർത്തിരുന്ന മററൊരു സഹോദരനായ ഷുജാ വന്നെത്തി മഹ്മൂദിനെ തടവുകാരനാക്കി സമൻഷായെ മോചിപ്പിച്ചു. കോഹിനൂർ ഷുജായ്ക്കു നൽകി സമൻഷാ കൃതജ്ഞത പ്രകടിപ്പിച്ചു.

മഹമൂദ് ജയിൽ ചാടി, സൈന്യം ശേഖരിച്ച് ക്രി. പി. 1809—ൽ ഷുജായെ തോല്പിച്ചു. കാബൂരം തിരികെപ്പിടിക്കുവാൻ ഷുജാ ഈസ്റ്റിന്ത്യാ കമ്പനിയുടെ സഹായം തേടി. സഹായിക്കുവാൻ കമ്പനി തയ്യാറാവുംമുമ്പ് ഷുജാ മഹ്മൂദിന്റെ തടവിലായി. പക്ഷേ, തന്റെ കുടുംബത്തെയും കോഹിനൂർ അടക്കമുള്ള ഭണ്ഡാരത്തെയും മഹാരാജാ രൺജിത്സിംഹന്റെ സംരക്ഷണത്തിൽ പഞ്ചാബിലേക്ക് അയയ്ക്കാൻ ഷുജായ്ക്കു കഴിഞ്ഞു.

നാലു വർഷം കഴിഞ്ഞ് ഷുജാ മഹ്മൂദിന്റെ ജയിലിൽനിന്നു രക്ഷപ്പെട്ട് പഞ്ചാബിലെത്തി. കാബൂരം വീണ്ടും കൈവശപ്പെടുത്തുവാൻ തന്നെ സഹായിച്ചാൽ കോഹിനൂർ പകരം നൽകാമെന്ന് ഷുജാ രൺജിത്സിംഹനോടു പറഞ്ഞു. രൺജിത്സിംഹൻ കോഹിനൂർ വാങ്ങി. പക്ഷേ, ഷുജായെ സഹായിച്ചില്ല; മറിച്ച് ഷുജായെ ബന്ധനസ്ഥനാക്കുകയാണുണ്ടായത്.

തന്റെ അതിഥികൾക്കു കോഹിനൂർ കാണിച്ചുകൊടുക്കുന്നതിൽ രൺജിത്സിംഹനു വലിയ താല്പര്യമായിരുന്നു. എന്നാലും, അതൊരു ശപിക്കപ്പെട്ട രത്നമാണെന്നും അതു കൈവശംവെക്കുന്നത് ആപത്തിനെ ക്ഷണിച്ചുവരുത്തലാണെന്നും രൺജിത്സിംഹൻ കരുതി. ശല്യം ഒഴിവാക്കുന്നതിനായി പുരിയിലെ ജഗന്നാഥക്ഷേത്രത്തിലേക്ക് അതു വഴിപാടു ചെയ്യാൻ അദ്ദേഹം നിർദേശിച്ചു. പക്ഷേ, ഈ നിർദേശം നടപ്പിലാക്കുംമുമ്പ് 1829—ൽ രൺജിത്സിംഹൻ മരിച്ചു. 1843—ൽ ഡൽഹൗസി പ്രഭു ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിക്കുവേണ്ടി പഞ്ചാബ് പിടിച്ചടക്കുകയുംചെയ്തു. രൺജിത്സിംഹന്റെ ഇളയ മകനായ ദുലീപ്സിംഹൻ

ആണ്ടിൽ അഞ്ചുലക്ഷം രൂപ പെൻഷൻ വാങ്ങി നാട്ടും ഭണ്ഡാരവും ഒപ്പം കോഹിനൂറും ഈസ്റ്റിന്ത്യാ കമ്പനിക്ക് അടിയറവെച്ചു.

1850–ൽ ഈസ്റ്റിന്ത്യാ കമ്പനിയുടെ ഡെപ്യൂട്ടി ചെയർമാനായിരുന്ന സി. ജി. മാൻഡെൽ ഇംഗ്ലണ്ടിൽവെച്ച് വിക്ടോറിയാ മഹാരാജ്ഞിക്ക കോഹിനൂർ സമ്മാനിച്ചു. പിറേറക്കൊല്ലം അതു് ലണ്ടനിൽ ഹൈഡ് പാർക്കിൽ പ്രദർശിപ്പിച്ചു. രത്നത്തിനു ഭംഗി പോരെന്നു തോന്നി വിക്ടോറിയാരാജ്ഞി അതു് ഹോളണ്ടിലെ ഒരു രത്നവ്യാപാരിയുടെ കൈയിൽ പട്ടം തേക്കാൻ കൊടുത്തതും രത്നവ്യാപാരിയുടെ പിടിപ്പുകേടു മൂലം രത്നത്തിന്റെ തൂക്കവും പ്രഭയും വളരെ കുറഞ്ഞതും മുമ്പു പറഞ്ഞുവല്ലോ?

കോഹിനൂറിനു് എന്തുവില വരും? അതിന്റെ ദീർഘചരിത്രത്തിൽ അതാരും വിലകൊടുത്തു വാങ്ങിയിട്ടില്ല. എല്ലാവരും അതു തട്ടിപ്പറിച്ചെടുത്തിട്ടേയുള്ളു. ഓസ്ബോൺ എന്ന ഒരു ഇംഗ്ലീഷുകാരൻ അതിന്റെ വില ചോദിച്ചപ്പോൾ ക്രി. പി. 1838–ൽ മഹാരാജാ രൺജിത്സിംഹൻ പറഞ്ഞുവത്രേ, 'ചെരുപ്പുകൊണ്ടു് അഞ്ചു് അടി' (ഇസ്കീ കീമത് പാഞ്ച് ജൂതീ) എന്നു്. കോഹിനൂറിന്റെ വിലയായി ഷുജാ്ക്ക് അദ്ദേഹം നൽകിയതു് അതായിരുന്നു! ഷുജാ രൺജിത്സിംഹനോടു പറഞ്ഞിരുന്നതു് 'തല നിലത്തു വീഴ്ത്തി ഉരുട്ടുന്ന മൂർച്ചയുള്ള വാളലകകൊണ്ടു് ഒരു വെട്ടാ'ണു് കോഹിനൂറിന്റെ വിലയെന്നാണു്. ഷേർഷായോടു തോററു് ഓടുംവഴി ഹുമയൂണിനോടു് ഒരു ഇന്ത്യൻ രത്നവ്യാപാരി കോഹിനൂർ വിലയ്ക്കുകൊടുക്കാമോ എന്നു ചോദിക്കുകയുണ്ടായി. 'അതിനു വിലയില്ല, അതു് രാജാവിനോടു രാജാവു് വെട്ടിപ്പിടിക്കുകയോ സമ്മാനമായി നേടുകയോ വേണം' എന്നാണത്രേ ഹുമയൂൺ മറുപടി പറഞ്ഞതു്.

ബ്രിട്ടനോടു പടവെട്ടി കോഹിനൂർ പിടിച്ചടക്കാൻ ഇന്ത്യ ഒരിക്കലും ഒരുങ്ങുകയില്ല. സമ്മാനമായി ബ്രിട്ടൻ ഇന്ത്യയ്ക്കു കോഹിനൂർ നൽകുമെന്നു കരുതാനും ഇപ്പോൾ മാർഗമൊന്നുമില്ല. ബ്രിട്ടീഷ് രാജ്ഞിയുടെ കിരീടത്തിൽത്തന്നെ അതു മിന്നിത്തിളങ്ങി നിലകൊള്ളാനാണു സാദ്ധ്യത. ആ കിരീടം ഇല്ലാതാവുന്ന കാലത്തോ? അതു പറയാൻ ഞാൻ ജ്യോത്സ്യം പഠിച്ചിട്ടില്ല.

(29 ജനുവരി, 1984)

## 98. പൈസ

നിങ്ങൾ അറിഞ്ഞുവോ? ഒരു പൈസനാണ്യത്തിന്റെ നിർമാണം ഇന്ത്യാ ഗവണ്മെൻറ് ഉപേക്ഷിച്ചിട്ടു പത്തു വർഷമായി. ഒരു പൈസനാണ്യത്തിന്റെ മാത്രമല്ല, രണ്ടു പൈസയുടെയും മൂന്നു പൈസയുടെയും നാണ്യങ്ങളും പത്തു വർഷത്തിനിപ്പുറം സർക്കാർ കമ്മട്ടത്തിൽ അടിച്ചിറക്കിയിട്ടില്ല. ഇപ്പോൾ ഇന്ത്യയിൽ നിർമിക്കുന്ന നാണ്യങ്ങളിൽ ഏററവും ചെറുതു് അഞ്ചു പൈസയുടെ നാണ്യമാകുന്നു. അഞ്ചു പൈസയുടെ നാണ്യത്തിന്റെ നിർമാണംകൂടി ഉപേക്ഷിക്കുവാൻ ബോംബെ കമ്മട്ടത്തിലെ ഉദ്യോഗസ്ഥന്മാർ ഇന്ത്യാഗവണ്മെൻറിന്റെ അനുവാദം തേടിയിരിക്കുകയാണത്രേ. ഒരു പൈസയുടേയും രണ്ടു പൈസയുടേയും മൂന്നു പൈസയുടേയും നാണ്യങ്ങൾ നിർമിക്കാതായതുകൊണ്ടു ജനങ്ങൾക്കു് ഒരു പ്രയാസവും ഉണ്ടായിട്ടില്ല. അവ അടിച്ചിറക്കാതായ വസ്തുത ജനങ്ങൾ അറിഞ്ഞതുകൂടിയില്ല. ആ നിലയ്ക്കു് അഞ്ചു പൈസയുടെ നാണ്യം അടിച്ചിറക്കാതിരുന്നാലും